# കൊല്ലം ജില്ലാപഞ്ചായത്ത്

**തേവള്ളി പി.ഒ., കൊല്ലം-9. ഫോൺ : 2795198, 2793446, ഫാക്സ് : 0474-2790422**

e-mail : *dpklam@gmail.com*

തീയതി : 27.06.2017

***പ്രസിദ്ധീകരണത്തിന്***

## സ്കൂളുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തും
## - കെ.ജഗദമ്മ ടീച്ചർ

സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണെന്ന് പ്രസിഡന്റ് കെ.ജഗദമ്മ ടീച്ചർ പറഞ്ഞു. ജില്ലാ പഞ്ചായത്തിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്രോജക്ടായ സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷിനും ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം അഞ്ചൽ ഗവ. എച്ച്.എസ്.എസിൽ വച്ച് നിർവ്വഹിക്കുകയായിരുന്നു പ്രസിഡന്റ്. ജില്ലയിലെ എല്ലാ സർക്കാർ സ്കൂളുകളിലും നാപ്കിൻ വെൻഡിംഗ് മെഷിനും ഇൻസിനറേറ്ററും എത്തിച്ചിട്ടുണ്ടെന്നും പെൺകുട്ടികളുടെ എണ്ണത്തിന് ആനുപാതികയായി വരും വർഷങ്ങളിൽ കൂടുതൽ വെൻഡിംഗ് മെഷിനുകൾ സ്ഥാപിക്കുമെന്നും പ്രസിഡന്റ് അറിയിച്ചു. എല്ലാ സ്കൂളുകളിലും എയ്റോബിക് കമ്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും, ടോയ്ലറ്റ് കോംപ്ളക്സുകളുടെ നിർമ്മാണം പുരോഗമിക്കുകയാണെന്നും പ്രസിഡന്റ് കൂട്ടിച്ചേർത്തു.

ചടങ്ങിൽ വൈസ് പ്രസിഡന്റ് എം.ശിവശങ്കരപ്പിള്ള അദ്ധ്യക്ഷത വഹിച്ചു. സ്കൂളുകളിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നും അദ്ദേഹം പറഞ്ഞു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ഇഎസ്.രമാദേവി സ്വാഗതം പറഞ്ഞു. ജില്ലാതല ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസർ എസ്.ഗീതാകുമാരി പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്തംഗം അഡ്വ.ബിനു.കെ.സി, ഗിരിജാകുമാരി, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രഞ്ചു സുരേഷ്, അഞ്ചൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുജാ ചന്ദ്രബാബു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.പ്രസാദ് എന്നിവർ പങ്കെടുത്തു. സ്കൂൾ പ്രിൻസിപ്പൽ നൗഷാദ് എം കൃതജ്ഞത രേഖപ്പെടുത്തി.

(ഒപ്പ്)
**സെക്രട്ടറി**